# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 125 09/03/2015-ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫണ്ട്.**

| ചോദ്യം<br>ശ്രീ. എ. കെ. ശശീന്ദ്രൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>1. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 11 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2644.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയിലുൾപ്പെടുത്തി 22 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2492.05 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>3. സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 22 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 335.31 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇതിൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന പുതിയാപ്പ ഹയർ സെക്കന്ററി സ്കൂളിന് കെ.എസ്.സി.എ.ഡി.സി. മുഖേന ഫണ്ട് അനുവദിയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. |

| | |
|---|---|
| (സി) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ കോർപ്പറേഷൻ മുഖേന ഇതുവരെ അനുവദിച്ച പ്രവർത്തികളും തുകയും വെളിപ്പെടുത്തുമോ? | കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ എലത്തൂർ മത്സ്യഗ്രാമത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 216.55 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>കുടിവെള്ള പദ്ധതി -163.00 ലക്ഷം രൂപ<br>വൈദ്യുതീകരണം -39.55 ലക്ഷം രൂപ<br>ഹൈമാസ്റ്റ്ലൈറ്റ് (2 എണ്ണം)<br>- 14.00 ലക്ഷം രൂപ<br><br>കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 9.20 ലക്ഷം രൂപയുടെ ഡ്രെയിനേജ് പുതിയാപ്പ കോളനിയിൽ നിർമ്മിച്ച് നൽകുന്നു.<br><br>ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ മത്സ്യ ഗ്രാമത്തിൽ 5 ഗുണഭോക്താക്കൾക്കും എലത്തൂർ മത്സ്യഗ്രാമത്തിൽ 36 ഗുണഭോക്താക്കൾക്കും ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു.<br><br>കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ ഒരു ഗുണഭോക്താക്താവിന് ഏകദേശം 1.25 ലക്ഷം രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു. |

**സെക്ഷൻ ആഫീസർ**